രാഷ്ട്രീയ കൊലപാതകങ്ങൾ

145 (3781) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സി.പി.ഐ.(എം) പ്രവർത്തകരോ, പോഷക സംഘടനാ പ്രവർത്തകരോ, ഇതര രാഷ്ട്രീയ കക്ഷി പ്രവർത്തകരെയോ, നേതാക്കളേയോ, പോഷക സംഘടനാ പ്രവർത്തകരെയോ കൊല ചെയ്ത എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ എത്ര നേതാക്കളുണ്ട് ;

(സി) ഈ കൊലപാതകകേസുകളിലെ പ്രതിക്കളെയെല്ലാം അറസ്റ്റ് ചെയ്തുവോ ;

(ഡി) ഇതിൽ എത്ര കേസുകൾ ഇതിനകം ചാർജ് ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതര രാഷ്ട്രീയക്കാരെ സി.പി.എം. കാർ കൊലചെയ്ത 16 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 4 സി.പി.ഐ.(എം) ന്റെ നേതാക്കൾ രണ്ടു കേസുകളിലായി പ്രതിയാക്കപ്പെട്ടിട്ടുണ്ട്.

(സി) കടയ്ക്കൽ പി.എസ്.ക്രൈം 254/03 ഒഴികെ മറ്റെല്ലാ കേസുകളിലേയും പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. കടയ്ക്കൽ പി.എസ്.ക്രൈം. 254/03 എന്ന കേസിൽ ഇതേവരെ 6 പ്രതികളെ മാത്രമേ അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടുള്ളു. 11 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്. ഇതിൽ 7 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. 4-ഓളം പ്രതികളെ തിരിച്ചറിയാനുണ്ട്. ഇവർ ഒളിവിലാണ്.

(ഡി) 5 കേസുകളിൽ കുറ്റപ്പത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

വിദ്യാർത്ഥി സമരവും ലാത്തിച്ചാർജ്ജും

146 (3783) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥി സമരത്തെ തുടർന്ന് വിദ്യാർത്ഥി സംഘടന പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത് ജയിലിലടച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly